**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1434** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട പ്രവാസി മലയാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട എത്ര പ്രവാസി മലയാളികൾ നാട്ടിലേയ്ക്ക് മടങ്ങിയെത്തിയിട്ടുണ്ട് ; വിവരം ലഭ്യമാക്കാമോ; | (എ) | കോവിഡ് ജാഗ്രത പോർട്ടലിലെ ഡാറ്റപ്രകാരം കോവിഡ് പ്രതിസന്ധി മൂലം 22.07.2021 തീയതി വരെ 1556715 പ്രവാസി മലയാളികൾ നാട്ടിലേക്ക് മടങ്ങിയെത്തിയിട്ടുണ്ട് (വിശദാംശങ്ങൾ പട്ടികയിൽ കാണാവുന്നതാണ്). ഇതിൽ തൊഴിൽ നഷ്ടപ്പെട്ടവർ 1113997 പേരാണ് . |
| (ബി) | തിരികെ ഗൾഫ് നാട്ടുകളിലേയ്ക്ക് മടങ്ങുന്ന പ്രവാസികൾക്ക് നൽകിയ വാക്സിനേഷൻ സർട്ടിഫിക്കറ്റിൽ കേന്ദ്ര സർക്കാരിന്റെ മുദ്രണവും ബാച്ച് നമ്പറും ഇല്ലാത്തത് കാരണമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | വാക്സിനേഷൻ സർട്ടിഫിക്കറ്റിനെ സംബന്ധിച്ച് നിലനിൽക്കുന്ന ആശങ്കകൾ പരിഹരിക്കുന്നതിന് പ്രവാസികൾക്ക് വാക്സിനേഷന് ശേഷം ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകളിൽ പാസ്പോർട്ട് നമ്പർ ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |
| (സി) | കോവിഡ് മഹാമാരി കാരണം മടങ്ങിയെത്തുന്നവർക്ക് സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനസഹായമായ 5000/- രൂപ അനുവദിക്കുന്നതിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് ഇതിനകം ധനസഹായം അനുവദിച്ചു; | (സി) | കോവിഡ്-19 പശ്ചാത്തലത്തിൽ മടങ്ങിയെത്തിയ പ്രവാസികൾക്ക് സർക്കാർ പ്രഖ്യാപിച്ചിരുന്ന 5000/- രൂപ ധനസഹായത്തിനായി 1,75,474 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ അർഹരായ 1,28,799 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കോവിഡ് മഹാമാരി കാരണം, കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പ്രവാസി മലയാളികളിൽ നിന്നുമുള്ള റെമിറ്റൻസിൽ എത്ര രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്; ആയത് നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്ക് ഉണ്ടാക്കുന്ന ആഘാതം എത്രത്തോളമാണ്; വിശദമാക്കുമോ? | (ഡി) | വിദേശ രാജ്യങ്ങളിൽ നിന്നുള്ള റെമിറ്റൻസിന് സ്വകാര്യ ഏജൻസികളെയും ഉപയോഗിക്കുന്നുണ്ട് . രാജ്യത്തിനകത്തേക്ക് വരുന്ന റെമിറ്റൻസിന്റെ കണക്കുകൾ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. അതിനാൽ ഇത് സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും, സംസ്ഥാന ആസൂത്രണ ബോർഡ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം അംഗീകൃത ഫോറിൻ എക്സ്ചേഞ്ച് ഡീലേഴ്സ് വഴി 2020ജനുവരി മുതൽ മെയ് മാസം വരെ റെമിറ്റൻസിൽ 65% പ്രൈവറ്റ് ട്രാൻസ്ഫറിൽ കുറവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ

| നമ്പർ | രാജ്യം | തിരികെ എത്തിയവർ |
|---|---|---|
| 1 | യു എ ഇ | 921076 |
| 2 | സൗദി അറേബ്യ | 178692 |
| 3 | ബഹ്റൈൻ | 45982 |
| 4 | കുവൈറ്റ് | 53149 |
| 5 | ഒമാൻ | 141225 |
| 6 | ഖത്തർ | 159206 |
| 7 | മറ്റ് രാജ്യങ്ങൾ | 57385 |
| **ആകെ** | | **1556715** |